**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4094** **09-08-2021 - ൽ മറുപടിയ്ക്ക്**

**ബ്ലാവനയിൽ പുതിയ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പുതിയ പാലം പണിയുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന സംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവിയോൺമെന്റ് ആന്റ് ഫോറസ്റ്റ് വെബ്സൈറ്റിൽ സമർപ്പിക്കുകയും ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും ചില തിരുത്തലുകൾ ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ പുനർസമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധനയ്ക്കുള്ള ഭരണാനുമതി ലഭ്യമാകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നലവച്ചപാറ, കുഞ്ചിപ്പാറ, മീൻകുളം, മാപ്പിളപ്പാറ, മാണിക്കുടി തുടങ്ങിയ ആദിവാസി ഊരുകളിലായി ആയിരത്തിയഞ്ഞൂറിൽ അധികം പേരും കുടിയേറ്റ പ്രദേശമായ കല്ലേലിമേടിൽ മുന്നൂറിൽ അധികം പേരും അധിവസിക്കുന്ന കല്ലേലിമേട് വാർഡിലേക്ക് നിലവിൽ കടത്ത് കടന്ന് മാത്രമേ പോകുവാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഇവരുടെ ബുദ്ധിമുട്ടുകളും അതോടൊപ്പം ബഹു. ഹൈക്കോടതി വിധിയും കൂടി പരിഗണിച്ച് വനം വകുപ്പുമായി കൂടിയാലോചിച്ച് ബ്ലാവന കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ